(ഡി) മാർക്കറ്റ് കമ്മിറ്റിയുടെ ആസ്തി ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; മാർക്കറ്റ് കമ്മിറ്റി പുതിയ നിയമനിർമ്മാണം വഴി പുനർജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകാമോ ;

(എഫ്) ജീവനക്കാർക്ക് ശമ്പളവും സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പെൻഷനും മുടക്കം കൂടാതെ നൽകാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അറിയാം.

(ബി) 19-2-1998-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം പ്രവർത്തനരഹിതമായ മാർക്കറ്റ് കമ്മറ്റിക്ക് റവന്യൂ വരുമാനം ഇല്ലാത്തതാണ് കാരണം.

(സി) മാർക്കറ്റിംഗ് കമ്മിറ്റിയുടെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇതിനെ സംബന്ധിച്ച ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) നിക്ഷിപ്തമാക്കിയിട്ടില്ല. മാർക്കറ്റ് കമ്മിറ്റി പുനർജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മലബാർ മാർക്കറ്റ് കമ്മിറ്റിയുടെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇതു തീരുമാനിക്കുന്നമുറയ്ക്ക് പെൻഷൻ, ശമ്പളം എന്നിവയ്ക്കും തീരുമാനം ആകുന്നതാണ്.

മണ്ഡരി രോഗം തടയാൻ നടപടി

156 (1211) ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡരി രോഗം ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തത് എന്നാണ് ;

(ബി) ഇത് തടയാൻ ഗവൺമെന്റ് എന്നാണ് നടപടികളാരംഭിച്ചത് ;

(സി) കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് എന്തെങ്കിലും സഹായം ഇതിനു വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ന് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1998 മാർച്ചിൽ

(ബി) രോഗബാധ റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ പ്രതിരോധ നടപടികൾ ആരംഭിച്ചു.

(സി) 28-10-1999-ൽ കൃഷിവകുപ്പിന്റെ ചുമതലയുണ്ടായിരുന്ന പ്രധാന മന്ത്രിയോട് മുഖ്യമന്ത്രി സഹായമഭ്യർത്ഥിച്ചിരുന്നു. 26-11-1999-ൽ 100 കോടി രൂപയുടെ സഹായം കേന്ദ്ര കൃഷിവകുപ്പ് മന്ത്രിയോടഭ്യർത്ഥിച്ചു. മന്ത്രിയെ നേരിൽ കണ്ടു നിവേദനം നടത്തുവാൻ സമയമാവശ്യപ്പെട്ടിരുന്നു. കേന്ദ്രമന്ത്രിമാർ ഡൽഹിക്ക് പുറത്തായിരുന്നതിനാലും കൃഷി വകുപ്പിന്റെ ചുമതലയിൽ മാറ്റമുണ്ടായതിനാലും ഈ മാസം എട്ടാം തീയതിയാണ് സമയം കിട്ടിയത്. അത് കൃഷിമന്ത്രിയെ കണ്ടു ചർച്ച ചെയ്തു.

മണ്ഡരി രോഗം തടയാൻ കൃഷി വകുപ്പ് ചെലവഴിച്ച തുക

157 (1212) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡരിരോഗം തടയാൻ കൃഷിവകുപ്പ് ഇതുവരെ എന്ത് തുക ചെലവഴിച്ചു ;

(ബി) ഇത് എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണ്ഡരി കീടബാധക്കെതിരെ പ്രതിരോധ നടപടി സ്വീകരിക്കുവാൻ കൃഷിവകുപ്പ് ഇതുവരെ 18 കോടി രൂപ ജില്ലകൾക്കു നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഊർജ്ജിതമായി മരുന്നു തളി നടന്നുവരുന്നു. മരുന്നുതളി പൂർത്തിയായാൽ മാത്രമേ ചെലവായ തുകയുടെ കണക്ക് അറിയാൻ സാധിക്കുകയുള്ളൂ.

(ബി) മരുന്നിന്റെ വിലയും കൂലിചെലവും അടക്കം തെങ്ങൊന്നിന് 6 രൂപ നൽകാനാണ് 18 കോടി രൂപ ജില്ലകൾക്ക് നൽകിയിരിക്കുന്നത്. ഇതു കൂടാതെ കയറ്റുകൂലിയായി മൂന്നുരൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നല്കുന്നുണ്ട്.

പൂങ്കുലച്ചാഴിയുടെ ആക്രമണം

158 (1213) ശ്രീ. പാലോട് രവി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കേരവൃക്ഷങ്ങൾക്ക് വ്യാപകമായി പൂങ്കുലച്ചാഴിയുടെ ആക്രമണം ഉണ്ടായിട്ടുണ്ടോ ;

(ബി) ഇതിനുള്ള പ്രതിവിധി എന്താണ് ;

(സി) ഇത് സംബന്ധിച്ച് വേണ്ട പ്രചാരണം നല്കിയിട്ടുണ്ടോ ;

(ഡി) ഈ രോഗത്തിനെതിരെ എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly